# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 167 17/12/2012 ൽ മറുപടിക്ക്

**റാങ്ക് ലിസ്റ്റുകൾ യഥാസമയം പ്രസിദ്ധീകരിക്കാൻ നടപടി**

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി.വിജ്ഞാപനം പുറപ്പെടുവിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | (ബി) വിജ്ഞാപനം പുറപ്പെടുവിച്ച് എത്രയും പെട്ടെന്ന് വിവിധ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിനായി പി.എസ്.സി. പരമാവധി ശ്രമിക്കുന്നുണ്ട്. അതിനുവേണ്ടി, ഒറ്റത്തവണ രജിസ്ട്രേഷൻ, online പരീക്ഷ, ചോദ്യബാങ്ക് രൂപീകരിക്കൽ, മൂല്യനിർണ്ണയം ത്വരിതപ്പെടുത്തുന്നതിനായി അത്യാധുനിക യന്ത്രങ്ങളുടെ സൗകര്യം പ്രയോജനപ്പെടുത്തൽ തുടങ്ങിയ നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (സി) വിജ്ഞാപനം ചെയ്ത് ഒരു വർഷത്തിനകം പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) വിജ്ഞാപനം പുറപ്പെടുവിച്ച് കഴിഞ്ഞ് ഒരു വർഷത്തിനകം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നകാര്യം പി.എസ്.സിയുടെ പരിഗണനയിലുണ്ട്. |
| (ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഡി) മേൽപ്പറഞ്ഞ പ്രകാരം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലേക്കായി ഒറ്റത്തവണ രജിസ്ട്രേഷൻ, online പരീക്ഷ, ചോദ്യ ബാങ്ക് രൂപീകരിക്കൽ, മൂല്യനിർണ്ണയം ത്വരിതപ്പെടുത്തുന്നതിനായി അത്യാധുനിക യന്ത്രങ്ങളുടെ സൗകര്യം പ്രയോജനപ്പെടുത്തൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ